## പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ഉത്തരവുകൾ

14 [4656] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ ഡയറക്ടറോ, കീഴ് ഉദ്യോഗസ്ഥരോ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൻമേൽ ഗവൺമെൻറിന് അപ്പീൽ അധികാരം നിലവിലുണ്ടോ;

(ബി) കെ. ഇ. ആർ. അനുസരിച്ച് അപ്പീൽ, റിവിഷൻ, റിവ്യൂ എന്നിവയ്ക്ക് ഗവൺമെൻറിന് അധികാരമുണ്ടായിരിക്കെ, പുനഃപരിശോധന സാദ്ധ്യമല്ല എന്നു കാണിച്ച് പൊതു വിദ്യാഭ്യാസ (എ) വകുപ്പിൽനിന്നും ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം കേസുകൾ പുനഃപരിശോധന നടത്തുവാനും, തെററായ ഉത്തരവുകൾ നൽകിയിട്ടുണ്ടെങ്കിൽ അവ തിരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) റിവിഷൻ/അപ്പീൽ ഹർജികളിൽ സർക്കാർ ഒരിക്കൽ എടുത്ത തീരുമാനം പുനഃപരിശോധിക്കാൻ നിയമം അനുവദിക്കുന്നില്ല. സർക്കാർ തലത്തിൽ റിവ്യൂ അനുവദനീയമായിട്ടുള്ളത് സർക്കാർ പുറപ്പെടുവിക്കുന്ന ആദ്യ ഉത്തരവുകൾക്ക് (original orders) മാത്രമാണ്. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ (എ) വകുപ്പിൽ നിന്നും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തെററായ ഉത്തരവുകൾ പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മതന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള കേന്ദ്ര സഹായ പദ്ധതി

15 [4657] ശ്രീ. എസ്. ശർമ്മ:
,, പി. ടി. കുഞ്ഞിമുഹമ്മദ്:
,, വർക്കല രാധാകൃഷ്ണൻ:
,, വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള കേന്ദ്രസഹായപദ്ധതി സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'ഏരിയ ഇൻറൻസീവ് പ്രോഗ്രാം ഫോർ എഡ്യുക്കേഷണലി ബാക്ക്വേഡ് മൈനോറിററീസ്'' എന്ന പദ്ധതിപ്രകാരം സംസ്ഥാനത്ത് സ്കൂളുകൾ അനുവദിക്കുന്നതിനായി എന്തു തുകയുടെ ധനസഹായമാണ് കേന്ദ്രത്തിൽ നിന്നുംലഭിച്ചിട്ടുള്ളത്; ഇതിൽ എന്തു തുക ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly